# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 7 (COMPETITIVEEXAM 2025)

**1) ദൈവദൂതൻ നേരിട്ട് പ്രത്യക്ഷപ്പെട്ട ന്യായാധിപൻ**
**<u>A) ഗിദെയോൻ</u>**
B) ദെബോറ
C) യിപ്താഹ്
D) ശിംശോൻ

**2) തന്നിരിക്കുന്നവയിൽ ശമുവേലിനോട് ബന്ധപ്പെടാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**<u>A) യിസ്രായേലിലെ എല്ലാ രാജാക്കന്മാരെയും വാഴിച്ചവൻ</u>**
B) ധാർമിക പ്രമാണങ്ങളുടെ അഗ്രഗാമി
C) ദൈവം കേട്ടു
D) അഹരോന്യ പൗരോഹിത്യത്തിൽ നിന്നല്ലാതെ വന്ന ആദ്യ പുരോഹിതൻ

**3) ശമുവേൽ പ്രവാചകന്റെ കാല ത്ത് നടന്ന സംഭവങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**<u>A) ജനം അന്യദൈവങ്ങളെ ആരാധിക്കുവാൻ തുടങ്ങി</u>**
B) ഫെലിസ്ത്യരോടു യുദ്ധത്തിൽ പരാജയപ്പെട്ടു
C) നിയമപെട്ടകം ഫെലിസ്ത്യർ കൈവശപ്പെടുത്തി
D) ശൗലിനെ രാജാവായി അഭിഷേകം ചെയ്തു

**4) തന്നിരിക്കുന്നവയിൽ യോജിക്കാത്ത ജോഡി തെരഞ്ഞെടുക്കുക**
**<u>A) ഗ്രീഗോറിയോസ് - ധീരനായ വിശ്വാസി</u>**
B) ദെബോര - തേനീച്ച
C) എബൻ ഏസർ - ഇത്രത്തോളം യെഹോവ സഹായിച്ചു
D) ശലോമോൻ - സമാധാനമുള്ളവൻ

**5) അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു എന്ന് ആര് ആരോട് പറഞ്ഞു ?**
**<u>A) ശമുവേൽ ശൗലിനോട്</u>**
B) ഏലി പുരോഹിതൻ ശമുവേലിനോട്
C) യിപ്താഹ് മകളോട്
D) ദാവീദ് ശലോമോനോട്

**6) തന്നിരിക്കുന്നവയിൽ രാജാക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**<u>A) ശലോമോൻ യെരുശലേമിനെ രാജ്യ തലസ്ഥാനമാക്കി</u>**
B) യാഗം കഴിക്കുന്നതിൽ ഉണ്ടായ പിഴവ് മൂലം ശൗൽ രാജത്വത്തിൽ നിന്ന് പുറം തള്ളപ്പെട്ടു
C) സ്വന്തം ജീവിതത്തിലെ തെറ്റിന്റെ അനുതാപമാണ് ദാവീദിന്റെ 51 -ആം സങ്കീർത്തനം
D) യുദ്ധത്തിൽ ദാവീദിന്റെ വിജയം ശൗലിന്റെ നീരസത്തിനു കാരണമായി

**7) ദാവീദിന്റെ ശ്രേഷ്ഠതകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**<u>A) യെഹോവയുടെ സാന്നിധ്യം മൂലമുള്ള ബലം ദൈവദൂതൻ അറിയിച്ചു</u>**
B) കിന്നരവായനയിലൂടെ ശൗലിൽ വരുന്ന ദുരാത്മാവിനെ അകറ്റി നിർത്തി
C) ദൈവത്തിന്റെ പെട്ടകം യെരുശലേമിൽ കൊണ്ടുവന്നു
D) യേശു ദാവീദിന്റെ പുത്രൻ എന്ന് വിളിക്കപ്പെട്ടു

**8) ശലോമോൻ രാജാവിന്റെ ബാല്യകാലത്തു ..........................
പ്രവാചകന്റെ പരിലാളനയിൽ ആണ് വളർന്നത്**
**A) നാഥാൻ**
B) ശമുവേൽ
C) യെശയ്യാവ്
D) തന്നിരിക്കുന്നവരിൽ ആരുമല്ല

**9) ശലോമോന്റെ ജീവിത മൂല്യങ്ങളെയും ദൈവവുമായുള്ള ബന്ധത്തെയും ഉയർത്തിക്കാണിക്കുന്ന പുസ്തകങ്ങളിൽ ഉൾപ്പെടാത്തത്**
**A) ദിനവൃത്താന്തം**
B) സദൃശ്യവാക്യങ്ങൾ
C) വിജ്ഞാനത്തിന്റെ പുസ്തകം
D) ഉത്തമഗീതം

**10) ശലോമോൻ രാജാവിന്റെ ഭരണത്തിലെ പോരായ്മയായി ചൂണ്ടിക്കാണിക്കുന്നവ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) യെഹൂദ്യ പ്രദേശത്തോടുള്ള കരുതൽ കുറവ് (ii) രാജ്യത്തിന്റെ അതിർത്തികൾ വിപുലീകരിക്കുന്നതിൽ ശ്രദ്ധിച്ചു**
**(iii) ദേവാലയത്തിന് നൽകിയ മഹത്വം**
**(iv) വടക്കേ ഇസ്രയേലിനോടുള്ള കരുതലില്ലായ്മ**
**(v) സന്മാർഗ നിഷ്ഠയിൽ വന്ന പാളിച്ചകൾ**
**(vi) യെരുശലേമിനോടുള്ള പ്രത്യേക താല്പര്യം**
**A) (iv), (v), (vi)**
B) (i), (ii), (iv)
C) (ii), (iii), (v)
D) (iii), (v) (vi)

**11) ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക
'നിങ്ങൾക്ക് സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു '**
A) വിശുദ്ധ ലൂക്കോസ് 20:23
**B) വിശുദ്ധ യോഹന്നാൻ 20:21**
C) വിശുദ്ധ ലൂക്കോസ് 22:24
D) വിശുദ്ധ യോഹന്നാൻ 18:21

**12) ഉദ്ധിതനായ ക്രിസ്തു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ആദ്യ സംഭവത്തോട് ബന്ധപ്പെടാത്ത തെരഞ്ഞെടുക്കുക**
**A) അവർക്കു അപ്പം മുറിച്ചു നൽകി**
B) കയ്യും വിലാപ്പുറവും അവരെ കാണിച്ചു
C) നിങ്ങള്ക്ക് സമാധാനം എന്ന് പറഞ്ഞു
D) കർത്താവു അവരുടെമേൽ ഊതി

**13) തന്നിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) ഉത്ഥിതനായ ക്രിസ്തു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവരെ വളരെ പ്രത്യാശയുള്ളവരായിട്ടാണ് കണ്ടത്**
B) ക്രിസ്തു സഭയ്ക്ക് വേണ്ടിയാണ് ഉയിർത്തെഴുന്നേറ്റത്
C) ക്രൂശിലൂടെ ഉയിർപ്പിനെ അനുഭവിക്കാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു
D) യേശുക്രിസ്തുവിന്റെ ഉയിർപ്പു മൂലം ഉയിർപ്പിന്റെ പ്രത്യാശ നമുക്കു ലഭ്യമായി

**14) പൂരിപ്പിക്കുക
തന്റെ പിതാവിന്റെ അടുക്കൽ നിന്ന് ............ .................. എന്നീ മാർഗങ്ങളിൽ കൂടി സഞ്ചരിച്ചു സൃ ഷ്ടിയെ വീണ്ടെടുത്തതാണ്**

**ഉയിർപ്പിന്റെ യഥാർത്ഥ സന്ദേശം**
**A) ജനനം മരണം**
B) ജീവിതം കഷ്ടത
C) ജീവിതം സഹനം
D) മാമ്മോദീസ ക്രൂശാരോഹണം

**15) യേശു ശിഷ്യന്മാരുടെ അജ്ഞാനത്തേയും ഹൃദയ കാഠിന്യത്തെയും ശാസിച്ച സന്ദർഭം**
**A) കബറടക്കത്തിന് ശേഷം ശിഷ്യന്മാർ എമ്മാവൂസിലേക്കു പോകുമ്പോൾ**
B) ഉയിർപ്പിനു ശേഷം ശിഷ്യന്മാർ കടലിൽ മീൻ പിടിക്കുവാൻ ശ്രമിക്കുമ്പോൾ
C) താബോർ മലയിൽ മറുരൂപ സമയത്തു
D) ഗത്സമെന തോട്ടത്തിൽ പ്രാർത്ഥന സമയത്തു്

**16) തോമാസ്ലീഹായെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത്**
**A) കർത്താവിനെ തള്ളിപ്പറഞ്ഞു**
B) വിശ്വാസത്തിന്റെ മുന്നോടിയായി സന്ദേഹിച്ചു
C) എന്റെ കർത്താവും ദൈവവുമേ എന്ന് പ്രഖ്യാപിച്ചു
D) കർത്താവിന്റെ വിലാപ്പുറത്തു സ്പർശിച്ചു വിശ്വസിച്ചു

**17) യേശു പത്രോസിനോട് 'എന്റെ കുഞ്ഞാടുകളെ മേയ്ക്ക ' എന്ന് പറഞ്ഞ സന്ദർഭം**
**A) തിബേരിയസ് കടലിൽ മീൻ പിടിച്ചു മടങ്ങി വരുമ്പോൾ**
B) മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു കഴിഞ്ഞപ്പോൾ
C) ക്രൂശു മരണത്തിന് തൊട്ടു മുൻപ്
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**18) വേദവാക്യം പൂരിപ്പിക്കുക**
**എന്നോട് കർത്താവെ കർത്താവെ എന്ന് പറയുന്ന ഏവനുമല്ല, ....................................................... ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്**
**A) സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം**
B) മറ്റുള്ളവർക്ക് നന്മ
C) ന്യായപ്രമാണം അനുസരിച്ച്
D) എന്നെ അനുഗമിച്ചു എന്റെ ഇഷ്ടം

**19) ഉയിർത്തെഴുന്നേറ്റ ക്രിസ്തു 40 ദിവസം ശിഷ്യന്മാരോട് കൂടെ ചിലവഴിച്ചപ്പോൾ ചെയ്ത കാര്യങ്ങളിൽ ഉൾപ്പെടാത്തത്**
**A) രോഗികളെ സുഖപ്പെടുത്തി**
B) ശിഷ്യന്മാരുടെ സംശയത്തെ നീക്കി
C) പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു
D) ശിഷ്യന്മാരെ ദൗത്യങ്ങളിൽ ഉറപ്പിച്ചു

**20) വെളിവിനുടെ മാലാഖായെ എനിക്ക് നീ തരണം കർത്താവേ' എന്ന് സന്ധ്യനമസ്കാരത്തിൽ പാടുന്നത് എന്തിനു വേണ്ടി?**
**A) ശരീരത്തിലെ അവയവങ്ങൾ കാക്കുവാൻ**
B) തിന്മയുള്ള ആഗ്രഹങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുവാൻ
C) സമാധാനപരമായി ഉറങ്ങുവാൻ
D) ഉണർന്നിരിക്കുമ്പോൾ തെറ്റുകൾ ഉണ്ടാകാതെയിരിക്കുവാൻ

**21) ഗീതം പൂരിപ്പിക്കുക**
**ശരീരമടങ്ങിയുറങ്ങുമ്പോൾ**
**കാവലതായത് നിൻ ശക്തി**
**.......................**

**എന്റെയുറക്കം തിരുമുമ്പിൽ**
**A) <u>സൗരഭ്യമായ ധൂപം പോൽ</u>**
B) നിന്നെ ഞാൻ കൊണ്ടാടുവാൻ
C) നിന്റെ ചോരയെനിക്ക് കാവൽ
D) രാവൊക്കെ എന്നെ നീ ഭരിക്ക

**22) മൂന്നാം മണി നമസ്കാരത്തിലെ തന്നിരിക്കുന്ന ഭാഗത്തിന് ശേഷമുള്ള വാചകം തെരഞ്ഞെടുക്കുക**
**'ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിനുശേഷം നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതേ ' ..........................**
**A) <u>കർത്താവെ നിന്റെ കല്പനകൾ ആചരിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ</u>**
B) പുണ്യപ്രവർത്തികളാൽ ഞങ്ങൾ നിനക്കു ഇഷ്ടന്മാരായിത്തീരേണമേ
C) കർത്താവെ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യേണമേ
D) തിരിവുള്ളതല് ഇല്ലായ്മയിൽ നിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചു

**23) തന്നിരിക്കുന്ന പ്രസ്താവനകളിൽ മൂന്നാം മണി നമസ്കാരത്തിലെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്ന ...' എന്ന പ്രാർത്ഥനയിൽ ഉൾപ്പെടാത്ത ആശയം തെരഞ്ഞെടുക്കുക.**
**A) <u>കർത്താവിന്റെ വലതുകൈ നമ്മളെ താങ്ങേണമേ എന്ന അപേക്ഷ</u>**
B) ദൈവ മനുഷ്യ ബന്ധം പിതാവ് -പുത്രൻ ബന്ധമാണ് എന്ന ആശയം
C) നാം പൂർണമായി ആശ്രയിക്കുന്നത് ദൈവത്തിലാണ്
D) ദൈവ കരുണ മൂലം ദൈവകോപം മാറ്റമുണ്ടാകും

**24) 'മഹോന്നതന്റെ മറവിൽ ഇരിക്കുന്ന ' എന്ന പ്രയോഗം പ്രാർത്ഥനയിൽ ഉദ്ദേശിക്കുന്നത് എന്താണ് ?**
**A) <u>മനുഷ്യചിന്തയ്ക്കു അതീതമായി രഹസ്യസ്ഥാനത്തു സ്ഥിതിചെയ്യുന്ന</u>**
B) അത്യുന്നതങ്ങളിൽ മേഘങ്ങൾക്ക് മറവിൽ ഇരിക്കുന്ന
C) മഹാപുരോഹിതന്റെ സവിധത്തിൽ ഇരിക്കുന്ന
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**25) കുക്കിലിയന്റെ ശരിയായ ഘടന തന്നിരിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കുക**
**A) <u>സങ്കീർത്തനം, എക്ബോ, പ്രോമിയോൻ, സെദറാ, കൊലോ, ബൊവൂസോ</u>**
B) സങ്കീർത്തനം, പ്രോമിയോൻ, സെദറാ, എക്ബോ, കൊലോ, ബൊവൂസോ
C) സങ്കീർത്തനം, പ്രോമിയോൻ, എക്ബോ, സെദറാ, കൊലോ, ബൊവൂസോ
D) സങ്കീർത്തനം, കൊലോ, പ്രോമിയോൻ, എക്ബോ, സെദറാ, ബൊവൂസോ

**26) ഗീതം പൂരിപ്പിക്കുക**
**അഖില ജഗൽപ്പതിയെ നായക**
**നായേറ്റി ഘോഷിച്ചങ്ങു**
**............................. മറിയാം**
**A) <u>വലുതാം പടവായ് താൻ</u>**
B) അതിബഹുമാനിച്ചു
C) അതിവിനയത്താൽ ജീവിച്ചു
D) നിന്നോട് കൂടെത്താൻ

**27) സ്വീകരണം നേടി എന്ന ഗീതത്തിൽ ദൈവമാതാവിനെ അതിസംബോധന ചെയ്യുന്നത് എങ്ങനെയാണ് ?**
**A) <u>ദൈവത്തിന്റെ മാതാവ് എന്ന അംഗീകാരം നേടി ലോകത്തിന്റെ ശാപത്തെ നീക്കിക്കളഞ്ഞ കന്യകയായ മാതാവേ</u>**
B) എല്ലവരാലും സ്വീകരിക്കപ്പെട്ട ദൈവത്തിന്റെ കന്യകയായ മാതാവേ
C) കർത്താവിനെ ഉദരത്തിൽ സ്വീകരിച്ചു ലോകത്തെ രക്ഷിച്ച കന്യകയായ

മാതാവേ
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**28) തന്നിരിക്കുന്നവയിൽ ചേരാത്ത ജോഡി തെരഞ്ഞെടുക്കുക**
**A) ദൂതവരൻ - ലോകാധിപതി**
B) ശ്ലോമോ - സമാധാനം
C) ബാറെക്മോർ - കർത്താവെ വാഴ്ത്തണമേ
D) ബോവൂസോ - അപേക്ഷ

**29) ആരാധനയിൽ ഉപയോഗിക്കുന്ന ഗീതത്തിൽ ദൈവകൃപയിൽ വളരുന്ന നീതിമാനെ വിവരിക്കുവാൻ ഉപയോഗിക്കുന്ന ഉപമ തെരഞ്ഞെടുക്കുക**
**A) ഈന്തപ്പന**
B) മുടിചൂടുന്നവർ
C) അത്തി മരം
D) വാളാൽ ചിറകുകൾ പോകുന്നവർ

**30) സ്വർഗ്ഗരാജ്യത്തിലെ പുത്രന്മാരായ സ്ലീഹന്മാരോട് ലോകത്തിന്റെ ഐശ്വര്യത്തിനായി പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്ന ഗീതം തെരഞ്ഞെടുക്കുക**
**A) പാവനനിബിമാരെ ....**
B) ഭാഗ്യം നിബിയർക്കും ....
C) പ്രാർത്ഥനയിൻ സമയ ...
D) ഒരുപോലിങ്ങും ....

**31) മാർത്തോമാ സദ്ഗുണ നിധിയെ ... എന്ന ഗീതം മലങ്കര സഭയിൽ ഉപയോഗിക്കുവാൻ, തന്നിരിക്കുന്നവയിൽ ഏറ്റവും അനുയോജ്യമായ തീയതി**
**A) ഡിസംബർ 21**
B) ഡിസംബർ 25
C) ഡിസംബർ 6
D) ജനുവരി 6

**32) തോമാ ശ്ലീഹ സ്ഥാപിച്ച പള്ളികളെക്കുറിച്ചു പ്രസ്താവിക്കുന്ന പാട്ട്**
**A) മാർഗംകളി പാട്ട്**
B) റമ്പാൻ പാട്ട്
C) വീരടിയാൻ പാട്ട്
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**33) മാർതോമാസ്ലീഹായുടെ ഉത്തരേന്ത്യൻ പാരമ്പര്യത്തിന് ആധാരമായ കൃതി**
**A) തോമയുടെ പ്രവർത്തികൾ**
B) ഡിഡാക്കെ
C) സർവര്ത്രിക സഭ
D) തോമ ശ്ലീഹയുടെ ഇന്ത്യ

**34) മാർത്തോമാ ശ്ലീഹ മരിച്ചവരെ ഉയിർപ്പിച്ച സംഭവം നടന്ന സ്ഥലം**
**A) പറവൂർ**
B) പാലയൂർ
C) നിരണം
D) തിരുവിതാംകോട്

**35) 'പാപപരിഹാരപ്രാർത്ഥന ' എന്ന അർഥം വരുന്ന വാക്ക്**
**A) ഹൂസോയോ**

B) പ്രോമിയോൻ
C) സെദറാ
D) ബൊവൂസോ

**36) 'സ്ലൗമൻ കാലോസ് -കുറിയേലായിസോൻ ' എന്നീ വാക്കുകൾ ഏത് ഭാഷയിൽ ഉള്ളവയാണ്**
**A) ഗ്രീക്ക്**
B) സുറിയാനി
C) ലത്തീൻ
D) എബ്രായ

**37) തന്നിരിക്കുന്നവയിൽ സെദറാ പ്രാർത്ഥനയുടെ ഉള്ളടക്കതിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) സകല പെരുനാളുകളിലും നേരങ്ങളിലും കാലങ്ങളിലും ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു സമർപ്പിക്കുന്നതിന്**
B) ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷ പദ്ധതി
C) വിശ്വാസികളുടെ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥന
D) സമൂഹത്തിന്റെ മുഴുവൻ നന്മക്കു വേണ്ടിയുള്ള പ്രാർത്ഥന

**38) യെരുശലേം ദൈവാലയത്തിൽ ധൂപാർപ്പണം നടത്തിയ സെഖര്യായ്ക്കു ദൈവീക ദർശനം ലഭിച്ചത് പരാമർശിക്കുന്ന വേദഭാഗം**
**A) വിശുദ്ധ ലൂക്കോസ് 1: 8-23**
B) വിശുദ്ധ മർക്കോസ് 4: 19-10
C) പുറപ്പാട് 13: 26
D) രാജാക്കന്മാർ 22: 10

**39) വിശുദ്ധ കുർബാനയിൽ, വിദ്വാന്മാരെപ്പോലെ യേശുക്കുഞ്ഞിനെ പട്ടക്കാരൻ വീണു വണങ്ങുന്നതിനെ സൂചിപ്പിക്കുന്ന ഭാഗം**
**A) ധൂപക്കുറ്റി വീശി ത്രോണോസിന് വലം വയ്ക്കുന്നത്**
B) പട്ടക്കാരൻ ജനങ്ങളുടെ മേൽ ധൂപം വയ്ക്കുന്നത്
C) ഏവൻഗേലിയോൺ പുസ്തകത്തിൽ മുത്തുന്നത്
D) ത്രോണോസിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത്

**40) ധൂപക്കുറ്റിയിലെ കത്തുന്ന കരി സൂചിപ്പിക്കുന്നത് എന്തിനെയാണ് ?**
**A) കർത്താവിന്റെ കൃപയാൽ ശുദ്ധീകരിക്കപ്പെടുന്ന മനുഷ്യകുലത്തെ**
B) പാപികൾക്ക് ലഭിക്കുന്ന തീനരകത്തെ
C) ശോഭയോടെ ജ്വലിക്കുന്ന പരിശുദ്ധ ഗണങ്ങളെ
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**41) കർത്താവ് പ്രോത്സാഹിപ്പിക്കാത്തതായി ബൈബിളിൽ പറയുന്ന ഉപവാസരീതി**
**A) ഭക്തരാണെന്ന് കാണിക്കാനുള്ള ഉപവാസം**
B) സാത്താനെ ജയിക്കാനുള്ള ഉപവാസം
C) മാനസീക ആരോഗ്യം വീണ്ടെടുക്കാനുള്ള ഉപവാസം
D) ദുർവിചാരങ്ങളിൽ നിന്നും മോചനം കിട്ടുവാനുള്ള ഉപവാസം

**42) ശൂനോയോ നോമ്പ് നടക്കുന്ന കാലഘട്ടം**
**A) ഓഗസ്റ്റ് 1 -15**
B) ജൂൺ 16 - 29
C) ജൂൺ 16 -29
D) ഡിസംബർ 1 -25

**43) സഹോദരങ്ങളുമായി നിരപ്പാക്കുകയും സമൂഹത്തിൽ ദുഖിക്കുന്നവരെയും വേദനിക്കുന്നവരെയും അങ്ങോട്ട് ചെന്നു സഹായിക്കുകയും നോമ്പിൽ ചെയ്യണമെന്ന് പ്രതിപാദിക്കുന്ന പുസ്തകം**

**A) യെശയ്യാവ്**

B) യിരെമ്യാവ്

C) 1 കൊരിന്ത്യർ

D) 2 തെസ്സലോനിക്യർ

**44) മിലാൻ വിളംബരം നടന്ന വർഷം**

**A) A.D 313**

B) A.D 325

C) A.D 376

D) A.D 346

**45) കപ്പദോക്യൻ പിതാക്കൻമാരിൽ ഉൾപ്പെടാത്ത പിതാവ്**

**A) പൗലോസ് മാർ ഗ്രീഗോറിയോസ്**

B) വലിയ മാർ ബസേലിയോസ്

C) നിസ്സയിലെ മാർ ഗ്രീഗോറിയോസ്

D) നാസിയൻസിലെ മാർ ഗ്രീഗോറിയോസ്

**46) സന്യാസികൾ ഒരുമിച്ചു താമസിച്ചു ആശ്രമപ്രസ്ഥാനമാകുന്ന രീതി കൊണ്ടുവന്ന പിതാവ്**

**A) വലിയ മാർ ബസേലിയോസ്**

B) നിസ്സയിലെ മാർ ഗ്രീഗോറിയോസ്

C) ഒറിഗൻ

D) മാർ പക്കോമിയോസ്

**47) അറിയോന്യ പക്ഷപാതിയായ ചക്രവർത്തിയാൽ ശിക്ഷിക്കപ്പെട്ട ആദിമ സഭാ പിതാവ്**

**A) നിസ്സയിലെ മാർ ഗ്രീഗോറിയോസ്**

B) ഇന്ത്യയിലെ മാർ യോഹന്നാൻ

C) മാർ ക്രിസോസ്റ്റം തന്നിരിക്കുന്ന

D) സ്വർണ്ണനാവുകാരനായ മാർ ഇവാനിയോസ്

**48) പരുമല തിരുമേനിയുടെ മുഴുവൻ പേര്**

**A) ഗീവർഗീസ് മാർ ഗ്രീഗോറിയോസ്**

B) കുര്യാക്കോസ് മാർ ഗ്രീഗോറിയോസ്

C) പൗലോസ് മാർ ഗ്രീഗോറിയോസ്

D) പരുമല മാർ ഗ്രീഗോറിയോസ്

**49) ആരോഗ്യത്തെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത്**

**A) ആരോഗ്യവുമായി ബന്ധപ്പെട്ട് സ്ത്രീ ധർമവും പുരുഷ ധർമ്മവും ഒന്നുതന്നെയാണ്**

B) വാർദ്ധക്യം സ്വയം ജീവിതത്തെ വിലയിരുത്തുവാനുള്ള സമയമാണ്

C) ശരീരവളർച്ചയ്ക്കു വേണ്ട വസ്തുക്കൾ ശിശുക്കൾക്ക് കൂടുതൽ ആവശ്യമാണ്

D) കൊഴുപ്പേറിയ ഭക്ഷണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും

**50) മനുഷ്യനും പ്രകൃതിയുമായി ബന്ധപ്പെട്ട് ഏറ്റവും അനുയോജ്യമായ പ്രസ്താവന**

**A) ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പ്രകൃതിയെ സംരക്ഷിക്കുന്നതിനാണ്**

B) പ്രകൃതിയെ യഥേഷ്ടം ഉപയോഗിക്കുന്നതിനുള്ള അനുവാദം ദൈവം മനുഷ്യന് നൽകി

C) പ്രകൃതിവിഭവങ്ങൾ മനുഷ്യൻ സ്നേഹിക്കണം
D) വികസനത്തിന് പ്രകൃതി സംരക്ഷണം തടസ്സമാകരുത്